2026
July
15
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ട്രംപിന്റെ താരിഫ് നയം പൊളിഞ്ഞു

# ഇറക്കുമതിക്കാർക്ക് 7.5 ലക്ഷം കോടി റീഫണ്ട്

**സുപ്രീംകോടതി വിധിയെത്തുടർന്ന്, യുഎസ് ഗവൺമെന്റ് ഇറക്കുമതി കമ്പനികൾക്ക് തിരികെ നൽകിയത് 8100 കോടി ഡോളർ**




**വാഷിങ്ടൺ:** പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഏർപ്പെടുത്തിയ ഇറക്കുമതി തീരുവ (താരിഫ്) നിയമവിരുദ്ധമാണെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന്, യുഎസ് ഗവൺമെന്റ് ഇറക്കുമതി കമ്പനികൾക്ക് തിരികെ നൽകിയത് 8100 കോടി ഡോളർ.

പ്രസിഡന്റിന് ഏകപക്ഷീയമായി ഇത്തരം താരിഫുകൾ അടിച്ചേൽപ്പിക്കാൻ നിയമപരമായി അധികാരമില്ലെന്ന് വ്യക്തമാക്കിയായിരുന്നു കോടതിയുടെ വിധി. നികുതി ചുമത്താനുള്ള അധികാരം പാർലമെന്റിന് (യുഎസ് കോൺഗ്രസ്) ആണെന്നും കോടതി വ്യക്തമാക്കിയിരുന്നു. ട്രംപിന്റെ സംരക്ഷണവാദ നയങ്ങൾക്ക് കനത്ത പ്രഹരമേൽപ്പിക്കുന്നതായിരുന്നു ഈ ചരിത്രപരമായ വിധി.

ഈ വൻ റീഫണ്ട് ബാധ്യത അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെയും ഫെഡറൽ ബജറ്റിനെയും വല്ലാതെ ഉലച്ചിരിക്കുകയാണ്. മുൻവർഷങ്ങളിൽ ചെറിയ തുകകൾ മാത്രം റീഫണ്ട് ഇനത്തിൽ നൽകേണ്ടിവന്ന സ്ഥാനത്താണ് ഇപ്പോൾ ചരിത്രത്തിലെതന്നെ ഏറ്റവും വലിയതുക തിരികെ നൽകേണ്ടി വന്നിരിക്കുന്നത്. ഇത് യുഎസിന്റെ ഫെഡറൽ ബജറ്റ് കമ്മി കുതിച്ചുയരാനും രാജ്യത്തിന്റെ മൊത്തത്തിലുള്ള കടബാധ്യത വർധിക്കാനും കാരണമായി.

കോസ്റ്റ്കോ, ഫെഡെക്സ് തുടങ്ങിയ പ്രമുഖ കമ്പനികൾ ഉൾപ്പെടെ 2000ൽ അധികം ബിസിനസ് സ്ഥാപനങ്ങൾക്കാണ് ഈ തുക ലഭിച്ചത്. താരിഫ് നയം പരാജയപ്പെട്ടത് ഭരണകൂടത്തിന് വലിയ രാഷ്ട്രീയ തിരിച്ചടി ആയെങ്കിലും ആഭ്യന്തര വിപണിയെയും വ്യവസായങ്ങളെയും സംരക്ഷിക്കാൻ പുതിയ നിയമപരമായ മാർഗങ്ങൾ തേടുകയാണ് വൈറ്റ്ഹൗസ് ഇപ്പോൾ.




# സ്വർണപ്പണയ രംഗത്തേക്ക് ടാറ്റ: തൃശ്ശൂരിലെ യോഗക്ഷേമം ലോൺസിനെ ഏറ്റെടുക്കും

**കൊച്ചി:** തൃശ്ശൂർ ആസ്ഥാനമായ യോഗക്ഷേമം ലോൺസ് ലിമിറ്റഡ് (യോഗ് ലോൺസ്) എന്ന സ്വർണപ്പണയ സ്ഥാപനത്തെ ടാറ്റാ ഗ്രൂപ്പിന് കീഴിലുള്ള ടാറ്റാ കാപ്പിറ്റൽ ഏറ്റെടുക്കുന്നു. സ്വർണപ്പണയരംഗത്തേക്ക് ചുവടുവയ്ക്കുന്നതിന്റെ ഭാഗമായാണ് ഈ നീക്കം. യോഗ് ലോൺസിന്റെ 88.6 ശതമാനം ഓഹരികൾ 318 കോടി രൂപയ്ക്കാണ് ഏറ്റെടുക്കുന്നത്. 93 കോടി രൂപ കമ്പനിയുടെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യും. ശേഷിച്ചതുക നിലവിലുള്ള ഓഹരി ഉടമകൾക്ക് ലഭിക്കും. ഇടപാട് പൂർത്തിയാകുന്നതോടെ യോഗ് ലോൺസ് ടാറ്റാ കാപ്പിറ്റലിന്റെ അനുബന്ധ കമ്പനിയായി മാറും.

2021-22 സാമ്പത്തികവർഷം മുതൽ ഇതുവരെ സ്വർണപ്പണയത്തിൽ പ്രതിവർഷം ശരാശരി 25ശതമാനം വളർച്ച കൈവരിക്കാൻ യോഗ് ലോൺസിന് കഴിഞ്ഞിട്ടുണ്ട്.

തൃശ്ശൂർ അന്തിക്കാട് കേന്ദ്രമായി 1991ൽ 'യോഗക്ഷേമം കുറീസ് ആൻഡ് ലോൺസ്' എന്നപേരിലാണ് യോഗ് ലോൺസിന്റെ തുടക്കം. പിന്നീട് 2015ൽ ബോട്സ്വാനയിലെ മലയാളി വ്യവസായി രാമചന്ദ്രൻ ഒറ്റപ്പത്തും മണപ്പുറം ഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ഐ. ഉണ്ണികൃഷ്ണനും കമ്പനിയുടെ ഭാഗമായി. ഇന്ന് കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലായി 162 ശാഖകളുള്ള യോഗ് ലോൺസ് 708 കോടി രൂപയുടെ സാമ്പത്തിക ആസ്തിയാണ് കൈകാര്യം ചെയ്യുന്നത്. 32,000 ഇടപാടുകാരുണ്ട്. ഏറ്റെടുക്കലിനുശേഷവും നിലവിലെ മാനേജിങ് ഡയറക്ടർ ഉണ്ണികൃഷ്ണൻ നേതൃത്വ നിരയിൽ തുടരും.

# 18 കാരറ്റ് സ്വർണത്തിന് ഇനി സംസ്ഥാനത്ത് ഏകീകൃത വില

**കൊച്ചി:** സംസ്ഥാനത്ത് 18 കാരറ്റ് സ്വർണത്തിനും ഏകീകൃത വില വരുന്നു. ഇതുവരെ വ്യത്യസ്തമായ വിലകളാണ് പല ജൂവലറികളും ഈടാക്കിയിരുന്നത്. എന്നാൽ, 18 കാരറ്റ് സ്വർണം ഏകീകൃത വിലനിലവാരത്തിലേക്ക് എത്തിക്കാൻ കേരളത്തിലെ സ്വർണാഭരണ വ്യാപാരമേഖലയിലെ അസോസിയേഷനുകളുടെ സംയുക്ത യോഗം തീരുമാനിച്ചു.

സ്വർണവിലയിൽ കുതിപ്പു തുടർന്നതോടെ 18 കാരറ്റ് സ്വർണത്തിന് വിപണിയിൽ ആവശ്യക്കാർ കൂടുതലാണ്. ഇഷ്ടമുള്ള ആഭരണം കൈയിൽ ഒതുങ്ങുന്ന വിലയിൽ 18 കാരറ്റിൽ ലഭിക്കും. കല്യാണങ്ങളിലടക്കം 18 കാരറ്റ് സ്വർണാഭരണങ്ങൾക്ക് ഡിമാൻഡ് കൂടുതലാണ്. പരമ്പരാഗത ആഭരണങ്ങൾ നിർമിക്കാൻ ഉപയോഗിക്കുന്ന 22 കാരറ്റിനെ അപേക്ഷിച്ച് താങ്ങാവുന്ന വിലയിലാണ് 18 കാരറ്റ് സ്വർണം ലഭിക്കുക. അതിനാൽ യുവ തലമുറയാണ് ഇത്തരം ആഭരണങ്ങളുടെ പ്രധാന ആരാധകർ.

22 കാരറ്റ് സ്വർണത്തിന് 91.6 പരിശുദ്ധിയാണ് ഉള്ളതെങ്കിൽ 18 കാരറ്റിന് ഇത് 75 ആണ്. അതായത്, ബാക്കി വെള്ളി, ചെമ്പ് തുടങ്ങിയ ലോഹങ്ങളാണ് ഉപയോഗിക്കുന്നത്. ടി.എസ്. കല്യാണരാമൻ (കല്യാൺ ജൂവലേഴ്സ്) അധ്യക്ഷത വഹിച്ച സംയുക്ത യോഗത്തിൽ ഡോ. ബി. ഗോവിന്ദൻ (എ.കെ.ജി.എസ്.എം.എ.), കെ. സുരേന്ദ്രൻ, അഡ്വ. എസ്. അബ്ദുൽ നാസർ (കെ.ജി.എസ്.എം.എ.), എം.പി. അഹമ്മദ്, എ.കെ. നിഷാദ്, ഒ. അഷർ (കെ.ജെ.എഫ്.), ഷാജു ചിറയത്ത് (കെ.ജി.എസ്.ഡി.എ.) എന്നിവർ പങ്കെടുത്തു.






# സംസ്കൃത സർവകലാശാലയിൽ: പി. ജി., പി. ജി. ഡിപ്ലോമ സീറ്റ് ഒഴിവുകൾ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലും വിവിധ പ്രാദേശിക കാമ്പസുകളിലും നടത്തുന്ന പി. ജി. / പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിലെ എസ്. സി./എസ്. ടി കാറ്റഗറിയിൽ ഉൾപ്പെടെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് പ്രവേശനം നടത്തുക. ജൂലൈ 17ന് രാവിലെ 10ന് അതത് പഠന വകുപ്പുകളിൽ/പ്രാദേശിക കാമ്പസുകളിൽ പ്രവേശന പരീക്ഷ നടക്കും. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അതത് പ്രാദേശിക കേന്ദ്രം മേധാവി/പഠന വകുപ്പ് മേധാവി മുമ്പാകെ ഹാജരാകണം. ഒഴിവുകൾ സംബന്ധിയായ കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

# കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ്

പഞ്ചവത്സര ഇന്റഗ്രേറ്റഡ് പി.ജി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 15ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862551

### സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്

എം.എസ്.സി ഇൻഡസ്ട്രിയൽ ഫിഷറീസ്, എം.എഫ്.എസ്.സി സീ ഫുഡ് സേഫ്റ്റി ആൻഡ് ട്രേഡ് പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൽ നടക്കും. https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863711.

### ഇന്റേൺഷിപ്പ് പരിപാടി സംഘടിപ്പിച്ചു

കൊച്ചി: കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫെറിക് റഡാർ റിസർച്ച് സെന്ററിൽ ടോക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് സംഘടിപ്പിച്ചു.

ഇന്റേൺഷിപ്പ് സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ ഓഫ് മറൈൻ സയൻസസ് ഡയറക്ടർ പ്രൊഫ്. ഡോ. സതീശൻ കെ., ഠകടഠ ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം മേധാവിയും വൈസ് പ്രിൻസിപ്പാളുമായ പ്രൊഫ്. ഡോ. ദീപ എലിസബത്ത് ജോർജ്, അഇഅഞഞലെ ഡോ. അജിൽ കൊട്ടയിൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ശാസ്ത്രഞ്ജരായ ഡോ മനോജ്, ഡോ രാകേഷ്, എഞ്ചിനീയർമാരായ റിജോയ് റിബല്ലോ, ശരത് കൃഷ്ണ എന്നിവർ ക്ലാസുകൾ നയിച്ചു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംയുക്തമായി നടപ്പാക്കിയ ഇന്റേൺഷിപ്പുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, വിദ്യാർത്ഥി പരിശീലനങ്ങൾ, അക്കാദമിക് സഹകരണങ്ങൾ, വിവിധ സംയുക്ത പദ്ധതികൾ എന്നിവ ഉൾക്കൊള്ളുന്ന പ്രവർത്തന റിപ്പോർട്ട് ഡോ. ദീപ കുസാറ്റ് വൈസ് ചാൻസലർക്ക് സമർപ്പിച്ചു. ഡോ. എസ്. അഭിലാഷിന്റെ നേതൃത്വത്തിലാണ് ഇന്റേൺഷിപ്പ് സംഘടിപ്പിച്ചത്.

### ഓൾ കേരള ക്രിയേറ്റീവ് കൊറിയോഗ്രാഫി മത്സരം

**കൊച്ചി:** ലഹരിവിരുദ്ധ സന്ദേശം കലാരൂപങ്ങളിലൂടെ സമൂഹത്തിലെത്തിക്കുന്നതിനായി കേരള സർക്കാർ നടപ്പാക്കുന്ന ഓപ്പറേഷൻ തൂഫാൻ: ദ നാർക്കോ ഹണ്ട്' പദ്ധതിയുടെ ഭാഗമായി, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല 2026 ഓൾ കേരള ക്രിയേറ്റീവ് കൊറിയോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. ജൂലൈ 24ന് രാവിലെ 10 മണിക്ക് മത്സരങ്ങൾ ആരംഭിക്കും. ഉച്ചയ്ക്ക് ശേഷം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കേരള സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല വിജയികൾക്ക് സമ്മാനദാനം നിർവ്വഹിക്കും.

കേരളത്തിലെ സർവകലാശാലകളിൽ നിന്നുള്ള യുവ കലാകാരൻമാരിൽ നിന്ന് മത്സരത്തിലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ലഹരിക്കെതിരായ യുദ്ധം എന്നതാണ് മത്സരത്തിന്റെ പ്രമേയം. ഒന്നാം സമ്മാനമായി 15,000, ട്രോഫിയും സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനമായി 10,000, ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനമായി 5,000, ട്രോഫിയും സർട്ടിഫിക്കറ്റും നൽകും. ഓരോ കോളജിൽ നിന്നും ഒരു ടീമിനും സർവകലാശാലാ ക്യാമ്പസുകളിൽ നിന്ന് പരമാവധി രണ്ട് ടീമുകൾക്കും പങ്കെടുക്കാം.

താൽപര്യമുള്ള ടീമുകൾ ജൂലൈ 17നകം രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9847742405, 7012073930, 9446035607, 9895269818 എന്ന നമ്പറുകളിൽ ബന്ധപ്പെടാം.



# ഐ.എഫ്.സി ഡസ്കി മേക്കപ്പ് മത്സരം സംഘടിപ്പിച്ചു

**കൊച്ചി :** എറണാകുളം ടൗൺഹാളിൽഇന്റർനാഷണൽ ഫാഷൻ ക്രിസ്കോയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഏഴാമത് ഫാഷൻ മേക്കപ്പ് മത്സരത്തിൽ സംസ്ഥനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 52 മോഡലുകൾ പങ്കെടുത്തു. മോഡലുകൾക്കൊപ്പം തങ്ങളുടെ മേക്കപ്പ് വൈഭവം തെളിയിക്കാൻ പരസ്പരം മത്സരിച്ച് 50ൽ പരം മേക്കപ്പ് ആർട്ടിസ്റ്റുകളും സജീവമായിരുന്നു. ഡസ്കി, ബ്രൈഡൽ, ശ്രീമാൻ, മലയാളി മങ്ക, സീമന്തം ഇനങ്ങളിലാണ് മത്സരം നടന്നത്. ഡസ്കി മത്സരത്തിൽ മാത്രം 37 മോഡലുകൾ മാറ്റുരച്ചു. രാവിലെ 9ന് തുടങ്ങിയ മത്സരം രാത്രി വൈകിയും നീണ്ടു.മത്സര വിജയികൾക്ക് അമ്പതിനായിരം, ഇരുപത്തിഅയ്യായിരം, പതിനയ്യായിരം എന്നിങ്ങനെ ക്യാഷ് പ്രൈസും, പ്രശസ്തി പത്രവുമാണ് ലഭിക്കുക. ടക്കൊറേ മാർട്ട്, സിറ്റി കളക്ഷൻ, മിത്ര ഇവന്റ്സ്, വിജിൽസ് വിജിൽ മേയ്ക്കോവർ,പ്രദീപ് ദീപ്സ്, പറക്കാട്ട്, മംഗലത് മേയ്ക്കോവർ, ലച്ചൂസ് ബ്യൂട്ടിപാർലർ എന്നിവരുടെ സഹകരണത്തോടെയാണ് മത്സരം സംഘടിപ്പിച്ചതെന്ന് ഐ.എഫ്.സി. സംഘാടക പ്രീതി ഷാജി പറഞ്ഞു.




# 100 തദ്ദേശസ്ഥാപനങ്ങളിൽ ഓട്ടോറിക്ഷ ഫെയർമീറ്റർ ക്യാമ്പ് സംഘടിപ്പിക്കും: മന്ത്രി അനൂപ് ജേക്കബ്

**കൂത്താട്ടുകുളം:** നൂറുദിവസംകൊണ്ട് സംസ്ഥാനത്തെ 100 പഞ്ചായത്ത്, നഗരസഭാ തലങ്ങളിൽ ഓട്ടോറിക്ഷ ഫെയർ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പ് സംഘടിപ്പിക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ, ലീഗൽ മെട്രോളജി മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. കൂത്താട്ടുകുളം മുൻസിപ്പൽ ടൗൺഹാളിൽ വെരിഫിക്കേഷൻ ക്യാമ്പിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയാണു ലീഗൽ മെട്രോളജി വകുപ്പ് ജൂലൈ മുതൽ എല്ലാ ജില്ലയിലും വെരിഫിക്കേഷൻ ക്യാമ്പുകൾ നടപ്പാക്കുന്നത്. താലൂക്ക് ആസ്ഥാനത്തുനിന്ന് 15 കിലോമീറ്ററോ അതിലധികമോ ദൂരമുള്ള തദ്ദേശസ്ഥാപനങ്ങളിലാണു ക്യാമ്പുകൾ ആരംഭിക്കുന്നത്. ഇതിലൂടെ തൊഴിലാളികൾക്ക് ദൂരയാത്രയും സമയനഷ്ടവും തൊഴിൽ നഷ്ടവും ഒഴിവാക്കാം. ക്യാമ്പുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. 100 ദിവസത്തിൽ പരിമിതപ്പെടുത്താതെ പദ്ധതി തുടർന്നുപോകാനാണു വകുപ്പ് ലക്ഷ്യംവയ്ക്കുന്നത്. ഓട്ടോറിക്ഷ തൊഴിലാളികൾ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി അഭ്യർഥിച്ചു. പിറവം മണ്ഡലത്തിലെ തിരുമാറാടി, പാമ്പാക്കുട പഞ്ചായത്തുകളിലും ക്യാമ്പ് നടത്തും.

സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ആദ്യത്തേതായി പ്രിയദർശിനി സൗജന്യബസ് യാത്രാ നടപ്പാക്കിക്കഴിഞ്ഞു. ഭക്ഷ്യവകുപ്പ് അർഹതപ്പെട്ട കുടുംബങ്ങൾക്കു നൂറുദിവസം കൊണ്ട് 50,000 മുൻഗണനാ റേഷൻ കാർഡുകൾ നൽകും. ഉപഭോക്തൃവകുപ്പ് 1000 സ്കൂളുകളിൽ കൺസ്യൂമർ ക്ലബുകൾ ആരംഭിക്കും. ഇതുപോലെ എല്ലാ സർക്കാർ വകുപ്പുകളും വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി വരികയാണെന്നും മന്ത്രി പറഞ്ഞു. ആദ്യദിവസത്തെ ക്യാമ്പിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകൾ മന്ത്രി വിതരണം ചെയ്തു.

കൂത്താട്ടുകുളം നഗരസഭാ ചെയർമാൻ റെജി ജോൺ അധ്യക്ഷത വഹിച്ചു. കെ ഫ്രാൻസിസ് ജോർജ് എംപി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ, ലീഗൽ മെട്രോളജി കൺട്രോളർ രാജേഷ് സാം, ലീഗൽ മെട്രോളജി മധ്യമേഖല ജോയിന്റ് കൺട്രോളർ കെ ഷീലൻ, പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നെവിൻ ജോർജ്, പിറവം നഗരസഭാധ്യക്ഷൻ കെ ആർ പ്രദീപ്കുമാർ, കേരള പഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് കെ ആർ ജയകുമാർ, കൂത്താട്ടുകുളം നഗരസഭ വൈസ് ചെയർമാൻ ലിസി ജോസ്, തിരുമാറാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ കെ വർഗീസ്, പാമ്പാക്കുട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീല ബാബു, രാമമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെസി രാജു, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എം.ജി സർവകലാശാല

## എം.ജി.യു. യു.ജി.പി. ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫർ: ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 19 വരെ

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നോൺഓട്ടോണമസ് കോളേജുകളിലേക്ക് ഇൻറർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2026 ജൂലൈ 19 വരെയാണ് അപേക്ഷ സമർപ്പിക്കാനുള്ള അവസരം. ഓട്ടോണമസ് കോളേജുകളിലും, മറ്റ് സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലും, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗകര്യം ലഭ്യമാകുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. വെബ്സൈറ്റ്: cap.mgu.ac.in:8443/CTMS/

## ഗ്രാജുവേറ്റ് സ്കൂളിൽ ഇൻഡക്ഷൻ പരിപാടി

ഗ്രാജുവേറ്റ് സ്കൂളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർഥികൾക്കായുള്ള ഇൻഡക്ഷൻ പരിപാടി ജൂലൈ 15ന് ആരംഭിക്കും. ജൂലൈ 24 വരെ നീണ്ടുനിൽക്കുന്ന പ്രോഗ്രാമിൽ സർവകലാശാലയിലെ വിവിധ വിഭാഗങ്ങളിലെ അധ്യാപകരും ജീവനക്കാരും സെഷനുകൾ നയിക്കും. സിലബസ്, കോഴ്സ് തിരഞ്ഞെടുപ്പ്, ഓണലൈൻ പഠനം, ലൈബ്രറി ഉപയോഗപ്പെടുത്തൽ തുടങ്ങിയ അക്കാദമിക വിഷയങ്ങളും, മാനസികാരോഗ്യം, വിദ്യാർത്ഥികളുടെ അവകാശങ്ങൾ, സേവനം തുടങ്ങിയ അക്കാദമികേതര വിഷയങ്ങളും സെഷനുകളിൽ കൈകാര്യം ചെയ്യും.

ജൂലൈ 15ന് രാവിലെ 10.30 മുതൽ ഐ.ഐ.ആർ.ബി.എസ് ഓഡിറ്റോറിയത്തിൽ അനൗപചാരിക കൂടിക്കാഴ്ചയോടെയാണ് പരിപാടിക്ക് തുടക്കമാകുക. ജൂലൈ 16ന് പുതിയ 4+1 ബാച്ചിൻറെ സർവകലാശാലതല ഉദ്ഘാടനം നടക്കും. ജൂലൈ 27ന് വിവിധ സ്കൂളുകളിൽ വിദ്യാർഥികൾക്ക് സ്വീകരണം നൽകി പതിവ് ക്ലാസുകൾ ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

## എം.എഡ് ക്ലാസുകൾ 15ന് ആരംഭിക്കും

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 20262028 ബാച്ച് ഒന്നാം സെമസ്റ്റർ എം.എഡ് ഡിഗ്രി ക്ലാസുകൾ ജൂലൈ 15 ന് രാവിലെ 9.30ന് ആരംഭിക്കും.

## സ്പോട്ട് അഡ്മിഷൻ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജിയിൽ എം.എസ് സി ബോട്ടണി ആൻറ് പ്ലാൻറ് സയൻസ് ടെക്നോളജി കോഴ്സിലെ ഒഴിവുള്ള ഒരു സീറ്റിലേക്ക് ജൂലൈ 16ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബോട്ടണിയിലോ അല്ലെങ്കിൽ ബോട്ടണി ബയോടെക്നോളജിയിലോ (ഡബിൾ മെയിൻ) ഉള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ തങ്ങളുടെ അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൺവെർജൻസ് അക്കാദമിയ കോംപ്ലക്സ് ചകജടഠ റൂം നമ്പർ 505ൽ നേരിട്ട് എത്തേണ്ടതാണ്. ഫോൺ 8547537541, 9497664697.

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് ഡിപ്പാർട്ട്മെൻറിൽ ദ്വിവത്സര എൽ.എൽ.എം (ക്രിമിനൽ ലോ ആൻറ് സൈബർ ഫോറൻസിക്സ് 2026 അഡ്മിഷൻ) കോഴ്സിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾ യോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 15ന് രാവിലെ 10.30ന് സ്കൂൾ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻറ് ബിസിനസ് സ്റ്റഡീസിൽ 2026 അഡ്മിഷനിലേക്കുള്ള എംബിഎ കോഴ്സിൽ എസ് സി, എസ്ടി സംവരണ വിഭാഗങ്ങളിലായി 2 സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത നേടിയ, ബിരുദധാരികളായ എസ് സി, എസ്ടി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 15ന് രാവിലെ 10:00 മണിക്ക് സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻറ് ബിസിനസ് സ്റ്റഡീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ04812733367.

## പരീക്ഷാഫലം

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എംഎ, എംഎസ് സി പ്രോഗ്രാമുകൾ (ഇൻറഗ്രേറ്റഡ് എംഎ ഇൻ ലാംഗ്വേജസ്ഇംഗ്ലീഷ്, ഇൻറഗ്രേറ്റഡ് എംഎസ് സി ഇൻ ബേസിക് സയൻസ് ഫിസിക്സ്, കെമിസ്ട്രി, ബേസിക് സയൻസ് സ്റ്റാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, എംഎസ് സി കമ്പ്യൂട്ടർ സയൻസ്ഡാറ്റാ സയൻസ്) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎസ് സി കമ്പ്യൂട്ടർ സയൻസ്, പ്ലാൻറ് ബയോടെക്നോളജി, ക്ലിനിക്കൽ ന്യൂട്രിഷൻ ആൻറ് ഡയറ്റെറ്റിക്സ്, സൈക്കോളജി, ഫിസിക്സ് (മെറ്റീരിയൽ സയൻസ്), എംഎസ് സി അനലിറ്റിക്കൽ കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി, പോളിമർ കെമിസ്ട്രി (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബികോം (സിബിസിഎസ്എസ്) (2009 മുതൽ 2012 വരെ അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്/ സെമസ്റ്റർ ഇംപ്രൂവ്മെൻറ് യുജി) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ ബിപിഇഎഡ് (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) ഏപ്രിൽ 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ ബി എ, ബി എസ് സി, ബികോം, ബി ബി എ, ബി സി എ, ബി ബിഎം, ബിഎഫ് റ്റി , ബിറ്റിറ്റിഎം, ബി എസ് ഡബ്ള്യു , ബി എസ് എം (സി ബി സി എസ് 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്), ബി എസ് സി സൈബർ ഫോറൻസിക് (2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) ഏപ്രിൽ 2026 പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും ജൂലൈ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം

പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിവോക് ബ്രോഡ്കാസ്റ്റിംഗ് ആൻറ് ജേർണലിസം (പുതിയ സ്കീം2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 16ന് സെൻറ് പോൾസ് കോളേജ്, കളമശ്ശേരിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബിഎ ആനിമേഷൻ ആൻറ് ഗ്രാഫിക് ഡിസൈൻ, ബിഎ വിഷ്വൽ ആർട്സ്, ബിഎ ആനിമേഷൻ ആൻറ് വിഷ്വൽ എഫക്ട്സ് (സിബിസിഎസ്) (പുതിയ സ്കീം2023 അഡ്മിഷൻ തോറ്റവർക്കായുള്ള സെപെഷ്യൽ റീഅപ്പിയറൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ/പ്രോജക്റ്റ് പരീക്ഷ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ആറാം സെമസ്റ്റർ ബിഎ കഥകളി വേഷം (സിബിസിഎസ്) (2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 17ന് തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.




# ഡിജിറ്റൽ വിദ്യാഭ്യാസം പ്രാഥമികതലം മുതൽ ശക്തിപ്പെടുത്തുമെന്ന് മന്ത്രി ഷംസുദീൻ

**തിരുവനന്തപുരം:** ലോകത്തോടൊപ്പം സഞ്ചരിക്കാൻ കഴിയുന്ന പുതിയ തലമുറയെ വാർത്തെടുക്കാൻ പ്രാഥമികതലം മുതൽ ഡിജിറ്റൽ വിദ്യാഭ്യാസം ശക്തിപ്പെടുത്തുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി എൻ ഷംസുദീൻ പറഞ്ഞു. നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ലിറ്റിൽ കൈറ്റ്സ് സംസ്ഥാനജില്ലാതല അവാർഡ് വിതരണച്ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർണായക പങ്കുവഹിക്കുന്നുണ്ട്. ഈ മാതൃകാപരമായ പ്രവർത്തനങ്ങൾ യു.പി., ഹയർ സെക്കൻഡറി തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് റോബോട്ടിക്സ് കിറ്റുകൾ വിതരണം ചെയ്ത് ആധുനിക ലാബുകൾ ഒരുക്കും. യു.പി. തലത്തിൽ ഡിജിറ്റൽ സ്കൂൾ പദ്ധതിയും സൈബർ സേഫ്റ്റി പ്രോട്ടോക്കോളും നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആഗോള മത്സരലോകത്തെ വെല്ലുവിളികളെ നേരിടാൻ വിദ്യാർഥികൾക്ക് പ്രാഥമികതലം മുതൽ ഡിജിറ്റൽ വിജ്ഞാനവും സാങ്കേതിക നൈപുണ്യവും ഉറപ്പാക്കുന്ന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തും.

ഹയർ സെക്കൻഡറി പ്രവേശനവുമായി ബന്ധപ്പെട്ട് സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി 120 പുതിയ അഡീഷണൽ ബാച്ചുകൾ ആരംഭിക്കും. വിദ്യാർഥികൾക്ക് ആവശ്യമായ പഠനാവസരങ്ങൾ ഉറപ്പാക്കുന്നതിനാണ് ഈ തീരുമാനമെന്നും മന്ത്രി പറഞ്ഞു.

# 18ാമത് രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേള ഒക്ടോബറിൽ

**തിരുവനന്തപുരം:** ഡോക്യുമെന്ററി, ഹ്രസ്വചിത്ര മേഖലകളിലെ മികച്ച സൃഷ്ടികളെ ആഗോള പ്രേക്ഷകരുമായി ബന്ധിപ്പിക്കുന്ന കേരളത്തിന്റെ അഭിമാന ചലച്ചിത്രവേദിയായ 18ാമത് കേരള രാജ്യാന്തര ഡോക്യുമെന്ററി, ഹ്രസ്വചിത്രമേള ഒക്ടോബർ 2 മുതൽ 7 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കും. കൈരളി, ശ്രീ, നിള തിയേറ്ററുകളിലായി മേള സംഘടിപ്പിക്കുമെന്നും ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്നും ടൂറിസം, സാംസ്കാരിക, സിനിമാ വകുപ്പ് മന്ത്രി പി സി വിഷ്ണുനാഥ് സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഡോക്യുമെന്ററി, ഹ്രസ്വചിത്രങ്ങൾക്കായി ഇന്ത്യയിൽ ഒരു സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഒരേയൊരു രാജ്യാന്തര ചലച്ചിത്രമേള എന്ന സവിശേഷത ഐഡിഎസ്എഫ്എഫ്കെയ്ക്കുണ്ട്. പുതുമയാർന്ന ചലച്ചിത്രഭാഷകൾക്കും സാമൂഹിക പ്രതിബദ്ധതയുള്ള സിനിമകൾക്കും നവതലമുറ ചലച്ചിത്ര പ്രവർത്തകർക്കും അന്താരാഷ്ട്ര വേദിയൊരുക്കുന്നതിൽ ഈ മേള ശ്രദ്ധേയമായ പങ്കാണ് വഹിച്ചുവരുന്നത്. ഇതിനുപുറമെ, ഐഡിഎസ്എഫ്എഫ്കെയുടെ ഏറ്റവും വലിയ അന്താരാഷ്ട്ര അംഗീകാരങ്ങളിലൊന്നാണ് ഓസ്കാർ ക്വാളിഫയിങ് ഫെസ്റ്റിവൽ എന്ന പദവി. ഈ മേളയിൽ പുരസ്കാരം നേടുന്ന ഡോക്യുമെന്ററി ചിത്രങ്ങൾക്ക് അക്കാദമി അവാർഡുകളുടെ മത്സരത്തിലേക്ക് നേരിട്ട് പരിഗണിക്കപ്പെടാനുള്ള അർഹത ലഭിക്കുന്നതിനാൽ ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രവർത്തകരുടെ ശ്രദ്ധ ആകർഷിക്കുന്ന വേദിയായി ഐഡിഎസ്എഫ്എഫ്കെ മാറിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ഇത്തവണത്തെ മേളയിലേക്ക് 1,741 എൻട്രികൾ ഇതിനകം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും നിന്നുള്ള ഈ എൻട്രികളിൽ നിന്ന് മത്സരവിഭാഗം, മത്സരേതര വിഭാഗം, മലയാളം മത്സരേതര വിഭാഗം എന്നിവയിലേക്കുള്ള മികച്ച ഹ്രസ്വചിത്രങ്ങളും ഡോക്യുമെന്ററികളും തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സിനിമകളുടെ മൂല്യനിർണയത്തിനും തിരഞ്ഞെടുപ്പിനുമായി ലോംഗ് ഡോക്യുമെന്ററി, ഷോർട്ട് ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ, അനിമേഷൻ, മ്യൂസിക് വീഡിയോ, ക്യാമ്പസ് ഫിലിംസ് (ഇന്റർനാഷണൽ) എന്നീ വിഭാഗങ്ങളിലായി പ്രത്യേക സെലക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സുതാര്യവും അന്താരാഷ്ട്ര നിലവാരം പുലർത്തുന്നതുമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ മികച്ച സൃഷ്ടികളെയാണ് മേളയിലേക്ക് തിരഞ്ഞെടുക്കുക.

മേള വിജയകരമായി സംഘടിപ്പിക്കുന്നതിനാവശ്യമായ എല്ലാ ഒരുക്കങ്ങളും പുരോഗമിക്കുകയാണെന്നും ഇതിനായി വിവിധ സബ് കമ്മിറ്റികളുടെ പ്രവർത്തനങ്ങളും ഏകോപന യോഗങ്ങളും ഉടൻ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

# ഡോണ്ട് ട്രബിൾ ദ ട്രബിൾ

## സെപ്റ്റംബർ 11ന്




ഇന്ത്യൻ സിനിമയിലെ ഏറ്റവും വൈവിധ്യമാർന്ന അഭിനേതാക്കളിൽ ഒരാളായ ഫഹദ് ഫാസിലും, ബാഹുബലി പോലൊരു ഇതിഹാസ ചിത്രം സമ്മാനിച്ച ആർക്കാ മീഡിയ വർക്ക്സും, ബ്രഹ്മാണ്ഡ ബ്ലോക്ക് ബസ്റ്റർ ചിത്രങ്ങൾ ഒരുക്കിയ സംവിധായകൻ എസ്. എസ്. രാജമൗലിയും ഒന്നിക്കുന്ന ബിഗ് ബജറ്റ് ഫാന്റസി എന്റർടെയിനർ ഡോൺട്ട് ട്രബിൾ ദ ട്രബിൾ എന്ന ചിത്രത്തിന്റെ ടീസർ പുറത്തിറങ്ങി.

പ്രേമലു എന്ന ചിത്രത്തിന്റെ വിജയകരമായ വിതരണത്തിലൂടെ നിർമ്മാണരംഗത്തേക്ക് ശ്രദ്ധേയമായ അരങ്ങേറ്റം കുറിച്ച എസ്. എസ്. കാർത്തികേയ, ഷോബു യാർലഗഡ്ഡ, പ്രസാദ് ദേവിനേനി എന്നിവർ ചേർന്നാണ് ഷോവിങ് ബിസിനസ്സ് ബാനറിലും ആർക്കാ മീഡിയാ വർക്ക്സിന്റെയും സഹകരണത്തോടെ ചിത്രം നിർമ്മിക്കുന്നത്.നവാഗതനായ ശശാങ്ക് യെലേട്ടി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ഫഹദ് ഫാസിലാണ് നായകൻ. ഫാന്റസിയും ഹ്യൂമറും ഹൃദയസ്പർശിയായ മുഹൂർത്തങ്ങളും ഒത്തുചേരുന്ന വ്യത്യസ്തമായ ഒരു സിനിമാനുഭവമാണ് ചിത്രം പ്രേക്ഷകർക്ക് വാഗ്ദാനം ചെയ്യുന്നത്. ചിത്രത്തിന്റെ മുഴുവൻ അണിയറപ്രവർത്തകരുടെയും സാന്നിധ്യത്തിൽ നടന്ന ചടങ്ങിലാണ് ടീസർ പുറത്തിറക്കിയത്. ഒരു കൊച്ചു പെൺകുട്ടിക്കായി മാജിക് അവതരിപ്പിക്കുന്ന ഫഹദ് ഫാസിലിലൂടെയാണ് ടീസർ ആരംഭിക്കുന്നത്. ഇരുവരുടെയും രസകരവും ഹൃദയസ്പർശിയുമായ നിമിഷങ്ങൾ ടീസറിന്റെ പ്രധാന ആകർഷണമാണ്. തുടർന്ന്, പെൺകുട്ടിയെ അപ്രത്യക്ഷയാക്കുന്ന ഒരു വലിയ മാജിക് കാണിക്കാമെന്ന് ഫഹദ് വാഗ്ദാനം ചെയ്യുന്നതോടെയാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ അപ്രതീക്ഷിത സംഭവങ്ങൾ അരങ്ങേറുന്നത്. തുടർന്ന് എന്താണ് സംഭവിക്കുന്നത് എന്നതാണ് ചിത്രത്തിന്റെ പ്രധാന പ്രമേയം. കൗതുകമുണർത്തുന്ന അവതരണവും, വ്യത്യസ്തമായ കഥാപശ്ചാത്തലവും, ഹൃദയസ്പർശിയായ മുഹൂർത്തങ്ങളും ടീസറിനെ ഇതിനോടകം തന്നെ പ്രേക്ഷകശ്രദ്ധ നേടിക്കഴിഞ്ഞു. ഫഹദ് ഫാസിലിന്റെ പതിവിൽ നിന്ന് വ്യത്യസ്തമായ, തമാശ നിറഞ്ഞ കഥാപാത്രാവതരണവും, ബാലതാരത്തിന്റെ മനോഹര പ്രകടനവും ടീസറിന്റെ ശ്രദ്ധേയ ഘടകങ്ങളാണ്.കാല ഭൈരവ ഒരുക്കിയ പശ്ചാത്തല സംഗീതവും, ദൃശ്യങ്ങളുടെ മികവ് ഉയർത്തുന്ന മികച്ച ഛായാഗ്രഹണവും ടീസറിന് കൂടുതൽ ഭംഗി പകരുന്നു.ഫാന്റസിയും വിനോദവും സമന്വയിപ്പിച്ച ഡോൺട്ട് ട്രബിൾ ദ ട്രബിൾ 2026 സെപ്റ്റംബർ 11ന് ലോകമെമ്പാടുമുള്ള തിയേറ്ററുകളിൽ റിലീസ് ചെയ്യും. ചിത്രത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അണിയറ പ്രവർത്തകർ ഉടൻ പ്രഖ്യാപിക്കും.പി ആർ ഓ: പ്രതീഷ് ശേഖർ.

# അലംകൃത ആലപിച്ച ഐ നോബഡിയിലെ സർക്കസ് ഗാനം

പൃഥ്വിരാജ് സുകുമാരൻ, പാർവതി തിരുവോത്ത് എന്നിവർ കേന്ദ്ര കഥാപാത്രങ്ങളാക്കി നിസാം ബഷീർ സംവിധാനം ചെയ്ത ഐ നോബഡി പ്രദർശനത്തിനെത്തി. മികച്ച നിരൂപക പ്രേക്ഷക പ്രശംസ നേടുന്ന ചിത്രത്തിലെ പുതിയ ഗാനം പുറത്തിറങ്ങി. സർക്കസ് എന്ന ഗാനം ചിത്രത്തിലെ നായകനായ പൃഥ്വിരാജിന്റെ മകൾ അലംകൃത മേനോൻ പൃഥ്വിരാജാണ് ആലപിച്ചത്. 'പ്രിയപ്പെട്ട അല്ലി, മമ്മയും ഡാഡയും നിന്റെ ആഗ്രഹങ്ങളെയും താല്പര്യങ്ങളെയും ഓർത്ത് ഒരുപാട് അഭിമാനിക്കുന്നു...' എന്ന് സോഷ്യൽ മീഡിയയിൽ കുറിച്ച് കൊണ്ടാണ് പൃഥ്വിരാജ് സർക്കസ് ഗാനം പുറത്തുവിട്ടത്. ട്രെൻഡ് സെറ്റർ സംഗീത സംവിധായകൻ ജേക്സ് ബിജോയ് ഒരുക്കിയ ഗാനം രചിച്ചത് സെബാ ടോമിയാണ്. ഇതിന്റെ മുൻപ് പൃഥ്വിരാജിന്റെ സംവിധാനത്തിൽ എത്തിയ മോഹൻലാൽ ചിത്രം എമ്പുരാനിലും അലംകൃത പാടിയിരുന്നു.




നിരൂപക പ്രേക്ഷക പ്രശംസ നേടിയ സൂപ്പർ ഹിറ്റ് മമ്മൂട്ടി ചിത്രം റോഷാക്കിന് ശേഷം സംവിധാനം ചെയ്യുന്ന 'ഐ നോബഡി' പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെയും ഇ4 എക്സ്പെരിമെന്റസിന്റെ ബാനറിൽ സുപ്രിയ മേനോനും മുകേഷ് ആർ മേത്തയും സി വി സാരഥിയും ചേർന്നാണ് നിർമ്മിക്കുന്നത്. പൃഥ്വിരാജ് അവതരിപ്പിക്കുന്ന രാജീവൻ ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്. പാർവതി അവതരിപ്പിക്കുന്ന മീരയും രണ്ട് പെണ്മക്കളും അടങ്ങുന്നതാണ് കുടുംബം. ഒരു ബാങ്ക് കവർച്ചയിൽ രാജീവൻ അബദ്ധത്തിൽ സാക്ഷിയാകുന്നതും തുടർന്ന് അയാളുടെ വ്യക്തിജീവിതത്തിൽ ഉണ്ടാകുന്ന പ്രശ്നങ്ങളുമാണ് ചിത്രം.

റോഷാക്ക്, ഇബിലീസ് എന്നീ ചിത്രങ്ങൾക്ക് ശേഷം സമീർ അബ്ദുളാണ് ഐ, നോബഡിയുടെയും രചന നിർവഹിക്കുന്നത്. എന്ന് നിന്റെ മൊയ്തീൻ, കൂടെ തുടങ്ങിയ സൂപ്പർഹിറ്റുകൾക്ക് ശേഷം പൃഥ്വിരാജും പാർവതിയും വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന പ്രത്യേകത കൂടി നോബഡിക്കുണ്ട്. ഇതുവരെ മലയാളം സിനിമയിൽ കാണാത്ത തരത്തിലുള്ള വ്യത്യസ്തമായ മേക്കിങ് ആണ് എന്നാണ് പ്രേക്ഷക പ്രതികരണം. ഹക്കിം ഷാജഹാൻ, അശോകൻ, വിജയരാഘവൻ, മധുപാൽ, ശങ്കർ രാമകൃഷ്ണൻ, നക്ഷത്ര, ഐറാ, നിഷാന്ത് സാഗർ, നന്ദു, നൗഷാദ് ബോംബെ, ജിജോയ് രാജഗോപാൽ, ഖാലിദ് റഹ്മാൻ, സഞ്ജു ശിവറാം, സുധി കോപ്പ, ബീന ചന്ദ്രൻ, സന അൽതാഫ്, കൃഷ്ണൻ ബാലകൃഷ്ണൻ, ദിനേശ് ആലപ്പുഴ, റോണി വർഗീസ്, മനോജ് കെ യൂ, ഇർഷാദ് അലി, സുധി കോഴിക്കോട്, മഹേന്ദ്രൻ, ആൽബിൻ അലക്സ്, ജിതിൻ മദനൻ തുടങ്ങിയ വൻ താരനിരയും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

ഛായാഗ്രഹണം ദിനേശ് പുരുഷോത്തമൻ, ലൈൻ പ്രൊഡ്യൂസർ ഹാരിസ് ദേശം, എഡിറ്റിംഗ് റമീസ് എംബി, പ്രൊഡക്ഷൻ ഡിസൈനർ അർഷാദ് നാക്കോത്ത്, മേക്കപ്പ് റോണക്സ് സേവിയർ, കോസ്റ്റ്യൂംസ് ധന്യ ബാലകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ റിനി ദിവാകർ, ഫിനാൻസ് കൺട്രോളർ കിരൺ നെട്ടയം, സംഘടന സംവിധാനം വാനിക്ക് ബെൻ & കലൈ കിംഗ്സ്റ്റൺ & അമിത് ജോളി ബാസ്റ്റിൻ, സൗണ്ട് ഡിസൈനർ നിക്സൺ ജോർജ്, വി എഫ് എക്സ് ലവാ കുശ, മാർക്കറ്റിംഗ്: കാറ്റലിസ്റ്റ്, ഡിസൈൻ: റ്റിംഗ്, പ്രൊമോഷൻസ് പൊഫാക്ഷിയോ, ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ.വി, കളറിസ്റ്റ് സുരേഷ് രവി, സ്റ്റീൽസ് രോഹിത് കെ സുരേഷ്, ഡിസൈൻസ് യെല്ലോ ടൂത്ത്, ടീസർ എഡിറ്റ് ബ്ലെസ് തോമസ്.




# ടൈറ്റൻ രാഗ പാരീസ്, വിത്ത് ലവ് വാച്ച് ശേഖരം അവതരിപ്പിച്ചു

**കൊച്ചി:** ടൈറ്റൻ രാഗ പാരീസ്, വിത്ത് ലവ് എന്ന പേരിലുള്ള പുതിയ വാച്ച് ശേഖരം വിപണിയിലവതരിപ്പിച്ചു. പാരീസ് നഗരത്തിലെ ഏറ്റവും ശ്രദ്ധേയമായ രണ്ട് വിസ്മയങ്ങളായ ഒഴുകുന്ന സീൻ നദി, ഊർജ്ജസ്വലമായ മൗലാ റൂഷ് എന്നിവയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമ്മിച്ചവയാണ് ഈ ശേഖരത്തിലെ വാച്ചുകൾ. പാരീസ്, വിത്ത് ലവ് എന്ന എക്സ്ക്ലൂസീവ് വാച്ച് ശേഖരത്തിൽ മൂന്ന് വ്യത്യസ്ത വാച്ചുകളാണുള്ളത്.

സീൻ നദിയുടെ തിളക്കമാർന്ന സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്നവയാണ് ദ റിവർസ് വിസ്പർ വാച്ചുകൾ. മദർ ഓഫ് പേൾ മാർകൈട്രി ഡയലും തിളങ്ങുന്ന ജലകണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട ക്യൂബിക് സിർക്കോണിയ പതിപ്പിച്ച ബ്രേസ്ലെറ്റുമാണ് ഈ വാച്ചുകൾക്കുള്ളത്. തിളങ്ങുന്ന ക്യൂബിക് സിർക്കോണിയയാൽ ചുറ്റപ്പെട്ട ടെക്സ്ചർ ചെയ്ത റിപ്പിൾ പാറ്റേൺ ഡയലിലൂടെ നദിയുടെ മൃദുവായ ചലനത്തെ പകർത്തുന്നവയാണ് റിപ്പിൾസ് ഓഫ് ഡിസയർ വാച്ചുകൾ. ഈ നിരയിലെ മൂന്നാമത്തെ വാച്ചായ സ്കാർലറ്റ്സ് സീക്രട്ട് പാരീസിലെ മൗലാൻ റൂഷിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നതാണ്. ആകർഷകമായ ക്രിംസൺ നിറത്തിലുള്ള ഹൃദയം ആലേഖനം ചെയ്ത ഡയലും റിവേഴ്സിബിൾ ആയി ഉപയോഗിക്കാവുന്ന, കല്ലുകൾ പതിപ്പിച്ച ഇതിന്റെ കേസ് ബാക്കും കരവിരുതിൻറെ മികവ് വെളിപ്പെടുത്തുന്നവയാണ്.

ടൈറ്റൻ രാഗയുടെ ഏറ്റവും മികച്ച കരകൗശല മികവിനുള്ള ഉദാഹരണമാണ് ഇതിലെ ഓരോ സൂക്ഷ്മാംശങ്ങളും. ലക്ഷ്വറി വാച്ച് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഏറ്റവും ഉയർന്ന ഗ്രേഡിലുള്ള പ്രീമിയം 316എൽ സർജിക്കൽഗ്രേഡ് സ്റ്റീലിലാണ് ഈ വാച്ചുകൾ നിർമ്മിച്ചിരിക്കുന്നത്. വെവ്വേറെ രൂപകൽപ്പന ചെയ്തിരിക്കുന്ന സോളിഡ് ലിങ്കുകൾ ഒരു പ്രീമിയം ബട്ടർഫ്ലൈ ക്ലാസ്പിലേക്ക് യോജിപ്പിച്ചിരിക്കുന്നു. തിളക്കമുള്ള മദർ ഓഫ്പേൾ മാർകൈട്രി, റിപ്പിൾടെക്സ്ചർഡ് ഡയലുകൾ, സഫയർ ക്രിസ്റ്റൽ ഗ്ലാസ്, റോഡിയം പൂശിയ ക്യൂബിക് സിർക്കോണിയ സെറ്റിംഗുകൾ, സങ്കീർണ്ണമായ റിവേഴ്സിബിൾ ഡിസൈനുകൾ എന്നിവ കൃത്യതയോടെ സംയോജിപ്പിച്ചിരിക്കുന്ന വാച്ചുകളാണ് പാരീസ്, വിത്ത് ലവ് വാച്ച് ശേഖരത്തിലുള്ളത്.

ദ റിവർസ് വിസ്പറിന് 55,495 രൂപ, റിപ്പിൾസ് ഓഫ് ഡിസയറിന് 53,495 രൂപ, സ്കാർലറ്റ്സ് സീക്രട്ടിന് 41,995 രൂപ എന്നിങ്ങനെയാണ് 'പാരീസ്, വിത്ത് ലവ്' ശേഖരത്തിലെ വാച്ചുകളുടെ വില. 'പാരീസ്, വിത്ത് ലവ്' കളക്ഷൻ എല്ലാ ടൈറ്റൻ സ്റ്റോറുകളിലും ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്.




# നിസാൻ ടെക്ടൺ പ്രീമിയം സിഎസ്‌യുവി വിപണിയിൽ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പുതിയ പ്രീമിയം സിഎസ്‌യുവിയായ നിസാൻ ടെക്ടൺ അവതരിപ്പിച്ചു. നിസാന്റെ ശ്രദ്ധേയ മോഡലായ പട്രോളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപകല്പന ചെയ്തിരിക്കുന്ന ടെക്ടൺ, ബോൾഡ് ഡിസൈനും മികച്ച എയറോഡൈനാമിക്സും സമന്വയിപ്പിക്കുന്ന വാഹനമാണ്.

100 ശതമാനം ടർബോ ചാർജ്ഡ് എൻജിനുകളോടെയാണു വാഹനം നിർമിച്ചിരിക്കുന്നത്. 19.4 കിലോമീറ്റർ മൈലേജ് നൽകുന്ന ടർബോ ടി160 എൻജിനും 18.5 കിലോമീറ്റർ മൈലേജ് നൽകുന്ന ടർബോ ടി280 എൻജിനും വാഹനത്തിലുണ്ട്.

ഡ്രൈവർക്ക് ഇഷ്ടാനുസരണം തെരഞ്ഞെടുക്കാവുന്ന ഡ്യുവൽഡ്രൈവ് മോഡുകളും മൂഡ് ലൈറ്റിംഗും വാഹനത്തിൻറെ പ്രത്യേകതയാണ്.

6എയർബാഗ് ഷീൽഡ് സിസ്റ്റം, 62 ശതമാനം ഹൈസ്ട്രെംഗ്ത് സ്റ്റീലും അൾട്രാഹൈസ്ട്രെംഗ്ത് സ്റ്റീലും ഉപയോഗിച്ചു നിർമിച്ച മോണോകോക്ക് ബോഡി ഷെൽ, 17ലധികം എഡിഎഎസ് ഫീച്ചറുകൾ, 360ഡിഗ്രി കാമറ, ഗൂഗിൾ ബിൽറ്റ്ഇൻ സാങ്കേതികവിദ്യ, 700 ലിറ്റർ ബൂട്ട് സ്പേസ് എന്നീ പ്രത്യേകതകളും വാഹനത്തിനുണ്ട്.

10.49 ലക്ഷം രൂപ മുതലാണു വില.

# ജീപാസും റോയൽഫോർഡും വിപണിയിൽ

**തിരുവനന്തപുരം:** പ്രമുഖ ആഗോള വ്യവസായ ശൃംഖലയായ വെസ്റ്റേൺ ഇൻറർനാഷണൽ ഗ്രൂപ്പ്' തങ്ങളുടെ മുൻനിര ബ്രാൻഡുകളായ ജീപാസ്, റോയൽഫോർഡ് എന്നിവ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു.

ജിസിസി രാജ്യങ്ങൾ, യുകെ, ആഫ്രിക്ക, സിഐഎസ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ സാന്നിധ്യമുള്ള ജീപാസിന് 40 വർഷത്തിലേറെ പ്രവർത്തന പരിചയമുണ്ട്. ഹോം അപ്ലയൻസസ്, കിച്ചൺ അപ്ലയൻസസ്, ഇലക്ട്രോണിക്സ്, ലൈറ്റിംഗ്, പേഴ്സണൽ കെയർ, ലൈഫ്സ്റ്റൈൽ വിഭാഗങ്ങളിലായി 1,100ലധികം ഉത്പന്നങ്ങളാണ് ജീപാസ് വിപണിയിലെത്തിക്കുന്നത്.

പ്രീമിയം കിച്ചൺവെയർ, ഹോംവെയർ ബ്രാൻഡായ റോയൽഫോർഡിന് 20 വർഷത്തിലേറെ വിപണി പരിചയമുണ്ട്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ആറ് തവണ യുഎഇയിലെ 'സൂപ്പർബ്രാൻഡ്' പദവി നേടിയ ബ്രാൻഡ്, ഉപഭോക്തൃ വിശ്വാസ്യതയുടെയും പുതുമയുടെയും പ്രതീകമാണ്.

തിരുവനന്തപുരത്ത് വെസ്റ്റേൺ ഇൻറർനാഷണൽ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ടി.എൻ. നിസാർ കന്പനിയുടെ പുതിയ ചുവടുവയ്പ്പ് പ്രഖ്യാപിച്ചു. സീനിയർ വൈസ് പ്രസിഡൻറ് നിവിൻ പണിക്കർ, മാനുഫാക്ചറിംഗ്പ്രൊക്യൂർമെൻറ് ആൻഡ് സപ്ലൈ ചെയിൻ ഹെഡ് സാജിദ് ചീരോത്ത്, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഹെഡ് ശ്രീദത്ത് വിശ്വനാഥൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ മാർക്കറ്റ് ഓപ്പൺ ചെയ്ത് ഷംഷീർ വയലിൽ

**ലണ്ടൻ:** ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽ വ്യാപാരത്തിന് തുടക്കം കുറിച്ച് പ്രമുഖ മലയാളി ആരോഗ്യ സംരംഭകൻ ഡോ. ഷംഷീർ വയലിലിന്റെ നേതൃത്വത്തിലുള്ള ബുർജീൽ ഹോൾഡിങ്സ്. അന്താരാഷ്ട്ര സാമ്പത്തിക വിപണിയിൽ വൻ ശ്രദ്ധ നേടിയ 4,708 കോടി രൂപയുടെ സുക്കൂക് ബോണ്ട് സമാഹരണത്തിന് പിന്നാലെയാണ് ഈ നേട്ടം.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൻറെ ചരിത്രപ്രസിദ്ധമായ 'മാർക്കറ്റ് ഓപ്പൺ' ചടങ്ങോടെയാണ് ബുർജീലിന്റെ പ്രഥമ സുക്കൂക് ബോണ്ട് ഔദ്യോഗികമായി അന്താരാഷ്ട്ര വിപണിയിൽ ട്രേഡിങ് ആരംഭിച്ചത്. യുകെയിലെ യുഎഇ എംബസി ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ ഷെയ്ഖ് ഖാലിദ് ബിൻ സൗദ് അൽ ഖാസിമി, ബുർജീൽ ഹോൾഡിങ്സ് ചെയർമാനും സിഇഒയുമായ ഡോ. ഷംഷീർ വയലിൽ, ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഇൻറർനാഷണൽ സെക്യൂരിറ്റീസ് മാർക്കറ്റിലാണ് ബോണ്ട് ലിസ്റ്റ് ചെയ്തിരിക്കുന്നത്. മിഡിൽ ഈസ്റ്റ് നോർത്ത് ആഫ്രിക്ക മേഖലയിൽ നിന്നുള്ള ഒരു ഹെൽത്ത്കെയർ കമ്പനി 2018 ന് ശേഷം അന്താരാഷ്ട്ര വിപണിയിൽ പുറത്തിറക്കുന്ന ആദ്യ സുക്കൂക് ബോണ്ടാണിത്.

ആഗോള തലത്തിൽ ബുർജീൽ ഹോൾഡിങ്സിന്റെ സാന്നിധ്യം ശക്തമാക്കുന്ന സുപ്രധാനമായ ഒരു അധ്യായത്തിനാണ് ലണ്ടൻ വിപണിയിൽ തുടക്കമിട്ടിരിക്കുന്നതെന്ന് ഡോ. ഷംഷീർ വയലിൽ പറഞ്ഞു.

ആകെ 14,124 കോടി രൂപയുടെ സുക്കൂക് പ്രോഗ്രാമിന്റെ ഭാഗമായി 5 വർഷത്തെ കാലാവധിയിലാണ് ബോണ്ട് പുറത്തിറക്കിയത്.

അപേക്ഷിച്ചവരിൽ 61 ശതമാനവും യുകെ (34%), യുഎസ് ഓഫ്ഷോർ (24%), മറ്റ് ആഗോള വിപണികൾ (3%) എന്നിവിടങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര നിക്ഷേപകരായിരുന്നു. ബാക്കി 39 ശതമാനം നിക്ഷേപം ജിസിസി മേഖലയിൽ നിന്നുമാണ് ലഭിച്ചത്.

യുഎഇ, ഒമാൻ, സൗദി അറേബ്യ എന്നീ രാജ്യങ്ങളിലായി 20 ആശുപത്രികളും 41 മെഡിക്കൽ സെൻററുകളും ഉൾപ്പെടെ 89 സ്ഥാപനങ്ങളാണ് ഡോ. ഷംഷീർ വയലിലിന്റെ നേതൃത്വത്തിലുള്ള ബുർജീൽ ഹോൾഡിങ്സിന് കീഴിൽ നിലവിലുള്ളത്.




# ജോസ് ആലുക്കാസ് സീസൺ ഓഫ് ഡയമണ്ട്സ് കാമ്പെയ്ൻ പ്രഖ്യാപിച്ചു

**ചെന്നൈ:** ഇന്ത്യയിൽ ഗുണനിലവാരം, നൂതനത്വം, ട്രെൻഡി ആഭരണങ്ങൾ എന്നിവയിൽ വിശ്വസ്തമായ ജോസ് ആലുക്കാസ്, ജൂലൈ 31 വരെ 60ലധികം ജോസ് ആലുക്കാസ് ഷോറൂമുകളിൽ നടക്കുന്ന സവിശേഷമായ വജ്രമേളയായ 'സീസൺ ഓഫ് ഡയമണ്ട്സ്' ഓഫർ ആരംഭിച്ചതായി പ്രഖ്യാപിച്ചു.

ഈ കാമ്പെയ്നിൽ ഉയർന്ന നിലവാരത്തിൽ സൂക്ഷ്മമായി രൂപകൽപ്പന ചെയ്തതും അന്താരാഷ്ട്ര അംഗീകാരമുള്ള ലബോറട്ടറികൾ സാക്ഷ്യപ്പെടുത്തിയതുമായ പ്രകൃതിദത്ത വജ്രാഭരണങ്ങളുടെ ഒരു പ്രത്യേക ലോകോത്തര ശേഖരം പ്രദർശിപ്പിക്കുന്നതാണ്. ഉപഭോക്താക്കൾക്ക് അതിമനോഹരമായി രൂപകൽപ്പന ചെയ്ത നെക്ലേസുകൾ, സ്റ്റേറ്റ്മെൻറ് കമ്മലുകൾ, കമനീയമായ ബ്രൈഡൽ സെറ്റുകൾ, എല്ലാ സ്റ്റൈലിനും അവസരത്തിനും അനുയോജ്യമായ മറ്റ് ഇഷ്ടാനുസൃത സൃഷ്ടികൾ എന്നിവ ഉൾക്കൊള്ളുന്ന ജോസ് ആലുക്കാസിന്റെ സമകാലിക ഡിസൈനുകളുടെ ഒരു സവിശേഷ ശ്രേണിയിൽ നിന്നും തിരഞ്ഞെടുക്കാം.

'അതുല്യമായ കരവിരുതിന്റെ നേർക്കാഴ്ചയായ 'സീസൺസ് ഓഫ് ഡയമണ്ട്സ്' ഇവിടെ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ ഏറെ അഭിമാനിക്കുന്നു. ഓരോ ഭാഗവും ഗുണനിലവാരം, കലാവൈഭവം, കാലാതീതമായ സൗന്ദര്യം എന്നിവയോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. ഞങ്ങളുടെ സമ്പന്നമായ പൈതൃകത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട്, ഞങ്ങളുടെ ഉപഭോക്താക്കളുടെ മാറിക്കൊണ്ടിരിക്കുന്ന മുൻഗണനകൾക്കനുസരിച്ച് വികസിക്കുന്ന ഡിസൈനുകൾ നിരന്തരം നവീകരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. മാനേജിംഗ് ഡയറക്ടർ പോൾ ആലുക്കാസ് പറഞ്ഞു

ആഭരണപ്രേമികൾക്കും ശേഖരിക്കുന്നവർക്കും സവിശേഷമായ സൃഷ്ടികൾ വാഗ്ദാനം ചെയ്യുന്ന വ്യത്യസ്തവും കലാപരമായി നിർമ്മിച്ചതുമായ ആഭരണങ്ങളുടെ ഒരു ശേഖരം ഈ പ്രദർശനത്തിൻറെ സവിശേഷതയാണ്. ഉപഭോക്താക്കൾക്ക് അവരുടെ വ്യക്തിഗത ശൈലിക്കും മുൻഗണനകൾക്കും അനുസൃതമായി ആഭരണങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കസ്റ്റമൈസേഷൻ സേവനങ്ങളും പ്രയോജനപ്പെടുത്താം.




# ലോകത്ത് ഏറ്റവും കൃത്യനിഷ്ഠയുള്ള ആദ്യ അഞ്ച് വിമാനക്കമ്പനികളിൽ ഒന്നായി എയർ ഇന്ത്യ

**കൊച്ചി:** സമയകൃത്യതയുടെ കാര്യത്തിൽ ലോകത്തെ നാലാമത് വിമാന കമ്പനിയായി എയർ ഇന്ത്യ. ഏവിയേഷൻ അനലിറ്റിക്സ് സ്ഥാപനമായ സിറിയത്തിന്റെ റിപ്പോർട്ട് പ്രകാരമാണ് എയർ ഇന്ത്യ നാലാം സ്ഥാനം കൈവരിച്ചത്. ജൂണിൽ ട്രാക്ക് ചെയ്ത 15,135 സർവീസുകളിൽ 86.85 ശതമാനം സർവീസുകളും സമയത്ത് തന്നെ ലാൻറ് ചെയ്തു. 86.23 ശതമാനം വിമാനങ്ങൾ കൃത്യ സമയത്ത് പുറപ്പെട്ടു. 99.7 ശതമാനമാണ് എയർ ഇന്ത്യയുടെ കമ്പ്ലീഷൻ ഫാക്ടർ (നിശ്ചയിച്ച സർവീസുകളിൽ സമയക്രമ പ്രകാരം പൂർത്തിയാക്കിയവ).

മെച്ചപ്പെട്ട നെറ്റ്‌വർക്ക്, ആഭ്യന്തര അന്താരാഷ്ട്ര സർവീസുകളിലെ കാര്യക്ഷമമായ ഏകോപനം, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നിക്ഷേപങ്ങൾ എന്നിവയാണ് ഈ നേട്ടത്തിന് പിന്നിലെന്ന് കമ്പനി അറിയിച്ചു. ഡൽഹി, മുംബൈ വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ചുള്ള ഹബ് ആൻഡ് സ്പോക്ക് മാതൃകയിലാണ് എയർ ഇന്ത്യ പ്രവർത്തിക്കുന്നത്. അതിവേഗ വികസനത്തിൻറെ ഭാഗമായി ലോകത്തിലെ ഏറ്റവും വലിയ ഫ്ലീറ്റ് നവീകരണ പദ്ധതികളിലൊന്നാണ് എയർ ഇന്ത്യയിൽ നടപ്പാക്കുന്നത്. 600 പുതിയ എയർബസ്, ബോയിങ് വിമാനങ്ങൾക്കാണ് ഓർഡർ നൽകിയിട്ടുള്ളത്. നിലവിലുള്ള വിമാനങ്ങളും നവീകരിച്ചു വരികയാണ്.

കഴിഞ്ഞ ആറു മാസത്തിനിടെ മൂന്ന് പുതിയ ബോയിങ് 7879 വിമാനങ്ങളാണ് സർവീസിൽ ഉൾപ്പെടുത്തിയത്. 2026ൽ കൂടുതൽ ബോയിങ് 787 9 വിമാനങ്ങളും എയർബസ് A3501000 വിമാനങ്ങളും ഫ്ലീറ്റിന്റെ ഭാഗമാകും. 2026ന്റെ അവസാനത്തോടെ എയർ ഇന്ത്യയുടെ വൈഡ്ബോഡി ഫ്ലീറ്റിന്റെ 50 ശതമാനത്തിലധികം വിമാനങ്ങളിലും പുതിയതോ നവീകരിച്ചതോ ആയ ഇന്റീരിയറുകൾ ഒരുക്കാനാണ് ലക്ഷ്യമിടുന്നത്.

# വനിതാ സംരംഭകർക്കായി പുതിയ സ്റ്റാർട്ടപ്പ് പ്രോഗ്രാം പ്രഖ്യാപിച്ച് കൊട്ടക് ബിസ് ലാബ്

**കൊച്ചി:** വനിതാ സംരംഭകർക്ക് അവരുടെ ബിസിനസ്സ് യാത്രയുടെ വിവിധ ഘട്ടങ്ങളിൽ പിന്തുണയും കരുത്തും നൽകുന്നതിനായി കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ സി.എസ്.ആർ പദ്ധതിയായ കോടക് ബിസ്ലാബ്, എൻ.എസ്.ആർ.സി.ഇ.എല്ലുമായി ചേർന്ന് 'വുമൺ സ്റ്റാർട്ടപ്പ് പ്രോഗ്രാമിന്റെ' പുതിയ പതിപ്പ് പ്രഖ്യാപിച്ചു.

ആശയരൂപീകരണം മുതൽ ബിസിനസ്സ് വിപുലീകരണം വരെയുള്ള ഘട്ടങ്ങളിൽ വനിതാ സംരംഭകർക്ക് ദീർഘകാലാടിസ്ഥാനത്തിൽ പിന്തുണ നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ടയർ2, ടയർ3 നഗരങ്ങളിലെ സംരംഭകർക്കാണ് പദ്ധതി മുൻഗണന നൽകുന്നത്. ഇതുവരെ 600ലധികം വനിതാ സംരംഭകർക്ക് മെന്ററിംഗ്, ബിസിനസ്സ് മാർഗ്ഗനിർദ്ദേശം, വ്യവസായ ശൃംഖലകളിലേക്കുള്ള പ്രവേശനം എന്നിവയിലൂടെ പദ്ധതി തുണയായിട്ടുണ്ട്.

രാജ്യത്ത് സ്റ്റാർട്ടപ്പുകൾ വർദ്ധിക്കുന്നുണ്ടെങ്കിലും വായ്പാ ലഭ്യത, മെന്ററിംഗ്, വ്യവസായ ശൃംഖലകളിലേക്കുള്ള പ്രവേശനം തുടങ്ങിയ മേഖലകളിൽ വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുകയാണ് കൊട്ടക് ബിസ്ലാബ് ലക്ഷ്യമിടുന്നത്.

വനിതാ സംരംഭകരുടെ വളർച്ച വിവിധ ഘട്ടങ്ങളിലൂടെയാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ നാല് ഘട്ടങ്ങളിലായാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്: സംരംഭകത്വത്തിനായി ശ്രമിക്കുന്നവർക്കായി 'ഫൗണ്ടേഷൻ', ആശയങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തുന്നതിനായി 'പ്രീഇൻക്യുബേഷൻ', സംരംഭം വികസിപ്പിക്കുന്നതിനായി 'ഇൻക്യുബേഷൻ', വളർച്ചയും വിപണി വികസനവും ലക്ഷ്യമിടുന്നവർക്കായി 'സ്കെയിൽഅപ്പ്' എന്നിങ്ങനെയാണ് ഘട്ടങ്ങൾ.

2025ലെ ബാച്ചിൽ 30 സ്റ്റാർട്ടപ്പുകൾക്ക് മൂന്ന് കോടി രൂപയുടെ ധനസഹായം ഇതിനകം നൽകിയിട്ടുണ്ട്. പുനരുജ്ജീവന കൃഷി, മാലിന്യ പുനരുപയോഗം, കമ്മ്യൂണിറ്റി അധിഷ്ഠിത വിദ്യാഭ്യാസം, സാങ്കേതികവിദ്യ അധിഷ്ഠിത സംരംഭങ്ങൾ തുടങ്ങിയ മേഖലകൾക്കാണ് പദ്ധതിയിൽ മുൻഗണന ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും https://tinyurl.com/2y92fpcy എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.




# മോട്ടോറോള മോട്ടോ ജി77 പവർ വിൽപ്പന ആരംഭിച്ചു

**ന്യൂഡൽഹി:** മോട്ടോറോളയുടെ പുതിയ മോട്ടോ ജി77 പവർ സ്മാർട്ട്ഫോൺ ഇന്ത്യയിൽ വിൽപ്പനയ്ക്കെത്തി. 8 ജിബി റാം, 128 ജിബി സ്റ്റോറേജ് വേരിയന്റിന് ഓഫറുകൾ ഉൾപ്പെടെ 23,999 രൂപ മുതലാണ് വില. ഫ്ലിപ്കാർട്ട്, മോട്ടോറോളയുടെ ഔദ്യോഗിക വെബ്സൈറ്റ്, മറ്റു പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി ഫോൺ ലഭ്യമാകും.

50 മെഗാപിക്സൽ സോണി ലിറ്റിയ 600 പ്രധാന ക്യാമറ, 32 മെഗാപിക്സൽ സെൽഫി ക്യാമറ, 6.72 ഇഞ്ച് എഫ്എച്ച്ഡി+ 120 ഹേർട്സ് ഡിസ്പ്ലേ, സാധാരണ ഉപയോഗത്തിൽ മൂന്ന് ദിവസം വരെ ബാക്കപ്പ് നൽകുന്ന 7000എംഎഎച്ച് ബാറ്ററി, 30 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിങ്, മീഡിയടെക് ഡൈമെൻസിറ്റി 6400 പ്രോസസർ, 5ജി പിന്തുണ എന്നിവയാണ് പ്രധാന സവിശേഷതകൾ. കോർണിംഗ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം, ഐപി64 വാട്ടർറെസിസ്റ്റന്റ് ഡിസൈൻ, 6 വാട്ട് റിവേഴ്സ് ചാർജിങ് എന്നിവയും ഫോണിലുണ്ട്.

24 ജിബി വരെ റാം ബൂസ്റ്റ്, 1ടിബി വരെ വികസിപ്പിക്കാവുന്ന സ്റ്റോറേജ്, ഗൂഗിൾ ജെമിനി, സർക്കിൾ ടു സെർച്ച് തുടങ്ങിയ എഐ ഫീച്ചറുകളും ഫോണിലുണ്ട്. കൂടാതെ 3,000 രൂപയുടെ ബാങ്ക് ക്യാഷ്ബാക്ക് ഓഫറും ജിയോ ഉപഭോക്താക്കൾക്ക് പ്രത്യേക ആനുകൂല്യങ്ങളും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.